(ബി) എങ്കിൽ ഇതുസംബന്ധിച്ച് വൈദ്യുതി ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർണ്ണമായും നടപ്പാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കസ്റ്റമർ കെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) 43 നഗരങ്ങളിൽ നടപ്പിലാക്കുന്ന കേന്ദ്ര സർക്കാരിന്റെ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട് - എയുടെ ഐ.ടി. ഇംപ്ലിമെന്റേഷൻ പദ്ധതികളുടെ ഭാഗമായിട്ടാണ് കസ്റ്റമർ കെയർ സെന്റർ സംവിധാനം ഏർപ്പെടുത്തിയത്. ഇടക്കമെന്ന നിലയിൽ 8 സെക്ഷൻ ഓഫീസുകളിലെ ഉപഭോക്താക്കളുടെ പരാതികളാണ് 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ മുഖേന പരിഹരിക്കപ്പെടുന്നത്. ആർ.എ.പി.ഡി.ആർ.പി. പദ്ധതി പൂർത്തിയാകുന്നതോടുകൂടി ഉപഭോക്താക്കൾ കേരളത്തിൽ എവിടെനിന്നും 1912 എന്ന നമ്പറിൽ വിളിച്ചാൽ കസ്റ്റമർ കെയർ സെന്ററിന്റെ സേവനം ലഭ്യമാകും.

(സി) ആർ.എ.പി.ഡി.ആർ.പി. പാർട്ട് എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. പദ്ധതികൾ നവംബർ 2014-ഓടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

വൈദ്യുതോല്പാദനച്ചെലവ്

32 (7868) ശ്രീ. എസ് ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം പുതുതായി ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ ഉൽപ്പാദനച്ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം സ്വകാര്യ മേഖലയിൽ പൂർത്തീകരിച്ച വൈദ്യുത പദ്ധതികളുടെ ഉൽപാദനച്ചെലവിനെപ്പറ്റിയുള്ള വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1. ഇരുട്ടുകാനം stage II SHP- ₹ 2.94/യൂണിറ്റ്.
2. കാരിക്കയം SHP (10.5 MW) പദ്ധതിയുടെ താരിഫ് നിശ്ചയിക്കുന്നതിനുള്ള petition കമ്മീഷന്റെ പരിഗണനയിലാണ്. എന്നാൽ താൽക്കാലികമായി ₹ 4.16/യൂണിറ്റ് നിരക്ക് കമ്മീഷൻ നിശ്ചയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

3. പാമ്പുംകയം മിനി ഹൈഡ്രോ പദ്ധതിയുടെ താരിഫ് നിശ്ചയിക്കുന്നത് കമ്മീഷന്റെ പരിഗണനയിലാണ്.

4. മീൻവല്ലം SHP (3 MW) പവർ പർച്ചേസ് കരാർ പ്രകാരം ഈ പദ്ധതിയിൽനിന്നും ഉൽപാദിപ്പിക്കുന്ന വൈദ്യുതിക്ക് ആദ്യത്തെ 6 വർഷം 2.50 രൂപാ നിരക്കും പിന്നീടുള്ള 20 വർഷത്തേയ്ക്ക് 2.12 രൂപാ നിരക്കുമാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ നിർമ്മാണച്ചെലവ് വർദ്ധിച്ചതിനാൽ company വൈദ്യുതി നിരക്ക് പുനർനിർണ്ണയിക്കണമെന്ന് ആവശ്യപ്പെട്ടത് കമ്മീഷന്റെ പരിഗണനയിലാണ്.

5. കിറ്റെക്സ് ലിമിറ്റഡിന്റെ 1.2 (MW) കാറ്റിൽനിന്നുള്ള പദ്ധതി Rs. 3.14/ യൂണിറ്റ്. റാന്നി-പെരിനാട് SHP, പീച്ചി SHP എന്നിവയുടെ ഉൽപ്പാദന ചെലവ് വിവരം ശേഖരിച്ചുവരുന്നു.

സ്വകാര്യമേഖലയിലെ വൈദ്യുതി ഉൽപ്പാദനം

33 (7869) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യമേഖലയിൽ വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം നൽകുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിലൂടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നത്; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) സ്വകാര്യ മേഖലയിൽ വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളായ കാറ്റ്, സോളാർ, ചെറുകിട ജലവൈദ്യുത പദ്ധതി എന്നിവയുപയോഗിച്ച് നടപ്പിലാക്കാൻ 'വിന്റ് പോളിസി', 'സോളാർ എനർജി പോളിസി 2013', 'സ്മോൾ ഹൈഡ്രോ പോളിസി 2012' എന്നിവ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത വൈദ്യുത നിലയങ്ങളിൽനിന്നും ലാഭകരമായി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് സംരംഭകർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ preferential tariff ആണ് നിശ്ചയിച്ചിരിക്കുന്നത്.